**<u>15 -ാം കേരള നിയമസഭ</u>**

**<u>3 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1536</u>** **<u>07-10-2021 - ൽ മറുപടിയ്ക്ക്</u>**

**<u>പാലക്കാട്ജില്ലാ പൈതൃക മ്യൂസിയം വികസനം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | Shri Ahammad Devarkovil<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു വകുപ്പ് മന്ത്രി) | |
| (എ) | പാലക്കാട് ജില്ലയിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ട നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കേരള പുരാവസ്തു വകുപ്പിന് 9 സംരക്ഷിത സ്മാരകങ്ങളാണ് പാലക്കാട് ജില്ലയിലുള്ളത്. ഇതിൽ തിരുമിറ്റക്കോട് അഞ്ചുമൂർത്തി ക്ഷേത്രത്തിന്റെ ആദ്യഘട്ട സംരക്ഷണ പ്രവർത്തനങ്ങൾക്ക് 21.83 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി, ടെൻഡർ നടപടികൾ പുരോഗമിക്കുന്നു. വാവന്നൂരിലുള്ള സ്മാരകമായ കട്ടിൽമാടത്തിന്റെ സർവ്വേ നടപടികൾ നടത്തി പ്രസ്തുത പ്രദേശം പുരാവസ്തു വകുപ്പിന് കൈമാറി നൽകണമെന്ന നിർദ്ദേശം റവന്യൂ വകുപ്പിന്റെ പരിഗണനയിൽ ആണ്. ഇക്കാര്യത്തിൽ തീരുമാനമാകുന്ന മുറയ്ക്ക് പ്രസ്തുത സ്മാരകത്തിന്റെ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്. |
| (ബി) | പാലക്കാട് ജില്ലയിൽ ജില്ലാ പൈതൃക മ്യൂസിയം വികസിപ്പിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | പാലക്കാട് ജില്ലയിൽ കൽപ്പാത്തിയിലുള്ള ശ്രീമണിഅയ്യർ ആഡിറ്റോറിയത്തിൽ പാലക്കാട് ജില്ലാ പൈതൃക മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ പൂർത്തിയാക്കി സന്ദർശകർക്ക് തുറന്ന് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ